പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം**
**നം. 889**

**30.10.2019-ൽ മറുപടിയ്ക്ക്**

**അക്കാമ്മ ചെറിയാൻ സാംസ്കാരിക നിലയം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) ദേവികുളം നിയോജക മണ്ഡലത്തിലെ അക്കാമ്മ ചെറിയാൻ സാംസ്കാരിക നിലയവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) ഇടുക്കി ജില്ലയിലെ സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി പീരുമേട് താലൂക്കിൽ പീരുമേട് വില്ലേജിൽ സർവ്വേ നമ്പർ 176/85 pt, 186 pt, 197 pt, 200 pt, 201 pt-ൽ ഉൾപ്പെട്ട 4 ഏക്കർ 31 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ഉപയോഗാനുമതി സാംസ്കാരിക വകുപ്പിന് 05.03.2018-ലെ സ. ഉ. (കൈ) നമ്പർ. 81/2018/റവ ഉത്തരവിൻ പ്രകാരം കൈമാറി ലഭിച്ചിരുന്നു. എന്നാൽ കൂടുതൽ അനുയോജ്യമായതും ജനവാസമുള്ളതുമായ അടിമാലി മന്നാംകണ്ടം വില്ലേജിലെ 5 ഏക്കർ സ്വകാര്യ ഭൂമി പ്രസ്തുത നിർമ്മാണത്തിനായി സൗജന്യമായി വിട്ടു നൽകാമെന്ന് ഒരു ഭൂവുടമ സമ്മതിച്ചിരുന്നു. എന്നാൽ ഡിറ്റേയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിനായി നിയോഗിക്കപ്പെട്ട ഏജൻസി പ്രസ്തുത ഭൂമിയുടെ മണ്ണ് പര്യവേഷണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയപ്പോൾ നിർദ്ദിഷ്ട സാംസ്കാരിക സമുച്ചയത്തിന്റെ എല്ലാ ഘടകങ്ങളും നിർമ്മിക്കുവാൻ പ്രസ്തുത ഭൂമി പൂർണ്ണമായി അനുയോജ്യമല്ലായെന്ന് കാണുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | ആയതിനാൽ ടി ഭൂമിയിൽ പദ്ധതി നടപ്പിലാക്കേണ്ടെന്ന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ഇതുവരെ സ്വീകരിച്ചിട്ടുള്ളതും ശേഷിക്കുന്നതുമായ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | ഇടുക്കി ജില്ലയിലെ സാംസ്കാരിക സമുച്ചയത്തിനായി പീരുമേട് താലൂക്കിൽ പീരുമേട് വില്ലേജിൽ മേൽപരാമർശിച്ച സർക്കാർ ഉത്തരവിൻപ്രകാരം സാംസ്കാരിക വകുപ്പിന് നേരത്തെ കൈമാറി ലഭിച്ച ഭൂമിയിൽ പദ്ധതിയ്ക്കായുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിന് മുന്നോടിയായുള്ള മണ്ണ് പരിശോധന, ടോപ്പോഗ്രാഫിക് സർവ്വേ എന്നിവ നടത്തുകയും ചെയ്തു. എന്നാൽ സമീപ കാലത്തുണ്ടായ പ്രളയത്തിലും കനത്ത മഴയിലും പദ്ധതി പ്രദേശം ഉൾക്കൊള്ളുന്ന താലൂക്കിൽ ഒറ്റപ്പെട്ട പ്രകൃതി ദുരന്തങ്ങൾ റിപ്പോർട്ട് ചെയ്തതിനാൽ സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് തടസ്സമായിട്ടുണ്ട്. ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ